ഉത്തരം

(എ) ഇല്ല.

(ബി) കുളങ്ങൾ നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വേണ്ടി കർഷകർ അതാത് കൃഷി ഭവനുകളിൽ വ്യക്തമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ലഭിച്ച അപേക്ഷകളിൽ നിന്നും അർഹരായ അപേക്ഷകരെ തെരഞ്ഞെടുത്ത്, ഒരു മീറ്റർ ക്യൂബിന് 62.5 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്.

നിറവ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

135 (3339) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിറവ് പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിലെ ചങ്ങരോത്ത്, ചക്കിട്ടപ്പാറ, പേരാമ്പ്ര, ചെറുവണ്ണൂർ, തുറയൂർ, അരിക്കുളം, കൂത്താളി, മേപ്പയൂർ, നൊച്ചാട്, കീഴരിയൂർ പഞ്ചായത്തുകളിൽ 2011 മുതൽ നടപ്പിലാക്കിയ പ്രവൃത്തികളും അടങ്കൽ തുകയും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

നിറവ് പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ ചങ്ങരോത്ത്, ചക്കിട്ടപ്പാറ, പേരാമ്പ്ര, ചെറുവണ്ണൂർ, തുറയൂർ, അരിക്കുളം, കൂത്താളി, മേപ്പയൂർ, നൊച്ചാട്, കീഴരിയൂർ പഞ്ചായത്തുകളിൽ 2011 മുതൽ നടപ്പിലാക്കിയ പ്രവൃത്തികളും അടങ്കൽ തുകയും സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. *

റബ്ബർ ബോർഡ് പുനഃസംഘടന

136 (3340) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ ബോർഡ് പുനഃസംഘടന നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുനഃസംഘടിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) റബ്ബർ ബോർഡ് പുനഃസംഘടിപ്പിക്കുന്നത് കേന്ദ്ര സർക്കാരാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly